(എഫ്) കൗൺസിൽ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ജി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

അനധികൃത കശാപ്പുശാല

119 (1493) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ജനങ്ങൾ കഴിഞ്ഞ മൂന്നു വർഷമായി കഴിക്കുന്നത് അനധികൃതമായി കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ മാംസമാണെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആധുനിക അറവുശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ ഈ മൂന്നു കൊല്ലത്തിനിടെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഈ ആവശ്യത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

120 (1494) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുദ്ദേശിക്കുന്നത്;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നഗരസഭാ പ്രദേശങ്ങളിൽ പ്ലാനിന് അംഗീകാരം വാങ്ങാതെയോ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചോ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ടിനോ, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിക്കാത്തപക്ഷം അത്തരം നിർമ്മാണങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി, ക്രമവൽക്കരിക്കുന്നതിനുള്ള വ്യവസ്ഥകൾ ചേർത്ത് 2014 ഫെബ്രുവരി 14-ലെ G.O.(Ms)No.39/2014/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ-അതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ക്രമവൽക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 A വകുപ്പ്, അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഏൻഷ്യന്റ് മോണുമെന്റ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, തീരദേശ മേഖലാ നിയന്ത്രണങ്ങൾ, മറ്റു നിയമങ്ങൾ, അവയ്ക്ക് കീഴിലുള്ള ചട്ടങ്ങൾ, ബൈലോകൾ, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കൊപ്പം ടി കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ആപ്പൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന സുരക്ഷ സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളും (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ചവ) പാലിക്കേണ്ടതായുണ്ട്. ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ടി ചട്ടങ്ങളിലെ അപ്പൻഡിക്സ് I പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതുണ്ട്. കൂടാതെ കെട്ടിടങ്ങൾക്ക് ചട്ടങ്ങൾ പ്രകാരമുള്ള വിവിധ വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസുകൾ വാങ്ങേണ്ടതുണ്ട്.

(ഡി) 1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 3-ൽ ക്രമവൽകരണത്തിന് യോഗ്യമല്ലാത്ത അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചിട്ടുള്ളതാണ്. നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ താൽക്കാലിക ഉത്തരവും തുടർന്ന് ഉത്തരവ് സ്ഥിരീകരിക്കുന്നതിനും നഗരസഭാ സെക്രട്ടറിക്ക് അധികാരമുള്ളതാണ്. ഉത്തരവ് അനുസരിക്കാത്തപക്ഷം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു കളയുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്.

3. കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാധ്യതയുള്ളതാണെന്ന് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

4. കോടതിയിൽ നിന്ന് കറ്റം ചുമത്തപ്പെട്ടാൽ അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണ ഉടമയിൽ നിന്ന് പിഴ ഈടാക്കുവാനും കെ.എം.ബി.ആർ. ചട്ടം 159-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

5. സർക്കാരിന്റെ 27-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 268/2013/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും ടി വിംഗ് 1-10-2013 മുതൽ പ്രവർത്തിച്ചുവരുന്നതുമാണ്. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സംബന്ധിച്ച് കൃത്യമായി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി

121 (1495) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly